ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/PAR/LFB/3.2026 Date: 21 May 2026

സ്നേഹം നിറഞ്ഞ അച്ചന്മാരേ,

മണ്ഡ്യയിൽ നിന്നും പ്രാർത്ഥനാശംസകൾ!

വെക്കേഷൻ കഴിഞ്ഞ് ആളുകൾ മടങ്ങിവന്ന് ഇടവകകൾ സജീവമാകുന്നുണ്ടല്ലോ നല്ലൊരു പ്രവർത്തനവർഷം ആശംസിക്കുന്നു.

# കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പിനെയും അനുബന്ധ കാര്യങ്ങളെയും സംബന്ധിച്ച്

ഇടവക സമിതിയുടെയും കൈക്കാരന്മാരുടെയും തിരഞ്ഞെടുപ്പുകൾ ഏകീകരിക്കുവാനായി ഈ മാസങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തണമെന്നും ജൂലൈ മൂന്നാം തീയതിയോടെയോ അതിനടുത്ത ഞായറാഴ്ചയോ പുതിയ ഇടവക സമിതിയും കൈക്കാരന്മാരും ഉത്തരവാദിത്വം ഏറ്റെടുക്കണമെന്നും നമ്മൾക്ക് ഒരു ധാരണയുണ്ടല്ലോ.

അതിൽ പ്രധാനപ്പെട്ട ഒരു കാര്യം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഈ കത്ത് അയക്കുന്നത്. കൈക്കാരന്മാരെ തെരഞ്ഞെടുത്താൽ ഉടൻതന്നെ അവരുടെ പേരും വീട്ടുപേരും ഫോൺ നമ്പറും ചേർത്ത് ആ ലിസ്റ്റ് പ്രോട്ടോസിഞ്ചലൂസായ ജെയിംസ് കുന്നാംപടവിൽ അച്ചന് അയച്ച് അംഗീകാരം വാങ്ങി ഫയലിൽ വയ്ക്കുമല്ലോ. രാജ്യത്തെ നിബന്ധനകൾ മാറുന്നതനുസരിച്ച് രൂപതയുടെ അംഗീകാരം വളരെ ആവശ്യമാണെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ അറിയിച്ചിട്ടുണ്ട്. വേണ്ടത് ചെയ്യുവാൻ ശ്രദ്ധിക്കണേ.

ദിവ്യകാരുണ്യ സമൂഹങ്ങളിലും കാര്യങ്ങൾ നടത്തുവാനായി ഭാരവാഹികളെ നിയോഗിക്കുന്നുണ്ടെങ്കിൽ അതിനും അംഗീകാരം വാങ്ങിച്ചിരിക്കണേ.

സ്നേഹപൂർവ്വം,

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
മണ്ഡ്യ രൂപത മെത്രാൻ